**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2384** **27-02-2023 - ൽ മറുപടിയ്ക്ക്**

**ടെൻഡർ സേവിങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എം.എൽ.എ.മാരുമായി ബന്ധപ്പെട്ടുള്ള ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് എന്നിവയിലുണ്ടാകുന്ന ടെണ്ടർ സേവിംഗ് എപ്രകാരമാണ് കൈകാര്യം ചെയ്യുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ എം.എൽ.എ.മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിൽ നിലവിൽ ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തിയാക്കി അന്തിമ ബിൽ (FINAL BILL) തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ വർഷത്തിലെ പ്രവൃത്തികളുടെ യഥാർത്ഥ ചെലവ് മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല. ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് നടപ്പ് സാമ്പത്തിക വർഷത്തിന് മുൻ വർഷങ്ങളിലെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആണെങ്കിൽ, ആ വർഷത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലാവധി കഴിഞ്ഞിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| (ബി) | ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ നിന്നും | (ബി) | ഇടുക്കി അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ |

| | | | |
|---|---|---|---|
| | ഇതുവരെ ഉണ്ടായിട്ടുള്ള ടെണ്ടർ സേവിംഗ് തുക എത്രയാണെന്ന് അറിയിക്കാമോ; ഇതിന്റെ പ്രതിവർഷ കണക്ക് വ്യക്തമാക്കുമോ; | | (ജനറൽ ) ലഭ്യമാക്കിയ കണക്ക് പ്രകാരം ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ടെണ്ടർ സേവിംഗ് തുകയുടെ പ്രതിവർഷ കണക്ക് ചുവടെ ചേർക്കുന്നു. |
| (സി) | ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് എന്നിവയിലെ പ്രവൃത്തികളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ് തുക കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇറങ്ങിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | (സി) | ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ് തുക കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇറങ്ങിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

| വർഷം | തുക |
|---|---|
| 2017-18 | 17,81,490/- |
| 2018-19 | 1,29,575/- |
| 2019-20 | 9,97,414/- |
| 2020-21 | 1,87,529/- |
| 2021-22 | 8,81,603/- |
| ആകെ | 39,77,611/- |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - 2018-19 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.119/2018/ധന. തിരുവനന്തപുരം, തീയതി : 04/08/2018**

---

പരാമർശം:

1. സ.ഉ.(പി) നം. 332/2012/ധന. തീയതി 11.06.2012.
2. സ.ഉ.(പി) നം. 86/2017/ധന. തീയതി 04.07.2017.
3. സ.ഉ.(പി) നം. 337/2012/ധന. തീയതി 12.06.2012.
4. സ.ഉ.(പി) നം. 419/2012/ധന. തീയതി 26.07.2012.
5. സ.ഉ.(പി) നം. 157/2013/ധന. തീയതി 06.04.2013.
6. സ.ഉ.(പി) നം. 161/2013/ധന. തീയതി 09.04.2013.
7. സ.ഉ.(പി) നം. 311/2014/ധന. തീയതി 30.07.2014.
8. സ.ഉ.(പി) നം. 505/2014/ധന. തീയതി 15.11.2014.
9. സ.ഉ.(പി) നം. 47/2015/ധന. തീയതി 20.01.2015.
10. സ.ഉ.(പി) നം. 90/2015/ധന. തീയതി 19.02.2015.
11. സ.ഉ.(പി) നം. 213/2015/ധന. തീയതി 05.06.2015.
12. സ.ഉ.(പി) നം. 257/2015/ധന തീയതി 26.06.2015.
13. സ.ഉ.(പി) നം. 591/2015/ധന. തീയതി 29.12.2015.
14. സ.ഉ.(പി) നം. 26/2016/ധന. തീയതി 25.02.2016.
15. സ.ഉ.(പി) നം. 178/2016/ധന. തീയതി 09.12.2016.
16. സ.ഉ.(പി) നം. 192/2016/ധന. തീയതി 30.12.2016.
17. സ.ഉ.(പി) നം. 27/2017/ധന. തീയതി 26.02.2017.
18. സ.ഉ.(പി) നം. 41/2017/ധന. തീയതി 25.03.2017.
19. സ.ഉ.(പി) നം. 44/2017/ധന. തീയതി 08.05.2017.
20. സ.ഉ.(പി) നം. 60/2017/ധന. തീയതി 08.05.2017.
21. സ.ഉ.(പി) നം. 62/2017/ധന. തീയതി 11.05.2017.
22. സ.ഉ.(പി) നം. 63/2017/ധന. തീയതി 12.05.2017.
23. സർക്കുലർ നം. 73/2012/ധന. തീയതി 28.12.2012.
24. സർക്കുലർ നം. 44/2013/ധന. തീയതി 21.05.2013.
25. സർക്കുലർ നം. 80/2013/ധന. തീയതി 19.10.2013.
26. സർക്കുലർ നം. 97/2013/ധന. തീയതി 04.12.2013.
27. സർക്കുലർ നം. 54/2014/ധന. തീയതി 06.06.2014.
28. സർക്കുലർ നം. 67/2015/ധന. തീയതി 22.07.2015.
29. സർക്കുലർ നം. 68/2015/ധന. തീയതി 28.07.2015.
30. സർക്കുലർ നം. 74/2016/ധന. തീയതി 07.09.2016.
31. സർക്കുലർ നം. 54/2016/ധന. തീയതി 22.06.2016.

## ഉത്തരവ്

സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുകയെന്നതും അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമാക്കിക്കൊണ്ട് പരാമർശം 1 ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) ആരംഭിച്ചു. പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം, ജലവിതരണം, ജലസേചനം, ശുചിത്വപരിപാലനം, കൃഷി, മൃഗപരിപാലനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഓരോ നിയോജകമണ്ഡലത്തിലെയും അടിസ്ഥാന സൗകര്യ വികസനത്തിനായാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

നോമിനേറ്റഡ് എം.എൽ.എ ഉൾപ്പെടെ ഓരോ എം.എൽ.എ.യ്ക്കും 5 കോടി രൂപ വീതം, ആകെ 705 കോടി രൂപയാണ് നിയോജകമണ്ഡല ആസ്തി വികസന ഫണ്ടായി ഓരോ സാമ്പത്തികവർഷവും വകയിരുത്തിയിട്ടുള്ളത്. ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പാണ് പദ്ധതിയുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത്. 2017-18 സാമ്പത്തികവർഷം മുതൽ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ആയതിനുള്ള വിശദമായ മാർഗ്ഗരേഖ പരാമർശം 2 ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി.

6/6/2018 ൽ ബഹു നിയമസഭാ സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിക്കായി പുറത്തിറക്കിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് സമഗ്രമായ ഒരു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ ഇതോടൊപ്പം പുറപ്പെടുവിച്ച് ഉത്തരവാകുന്നു. പരാമർശത്തിലെ എല്ലാ ഉത്തരവുകളും സർക്കുലറുകളും ഇതിനാൽ പരിഷ്കരിച്ചിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**അജിത് കുമാർ. എ.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം,
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
12. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
13. എല്ലാ ട്രഷറി ഓഫീസർമാർക്കും
14. നോഡൽ ഓഫീസർ, www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [E-421468]

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**

## നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ (LAC ADS) മാർഗ്ഗനിർദ്ദേശങ്ങൾ

1. **പദ്ധതി**

1.1. നിയോജകമണ്ഡലങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഓരോ എം.എൽ.എ.യ്ക്കും പ്രതിവർഷം 5 കോടി രൂപ വീതം ആകെ 705 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

1.2. പ്രതിവർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ ഓരോ എം.എൽ.എ. യ്ക്കും തങ്ങളുടെ മണ്ഡലത്തിൽ 10 ലക്ഷം രൂപയോ അതിനു മുകളിലോ എസ്റ്റിമേറ്റ് തുകയുള്ള പരമാവധി 20 പ്രവൃത്തികൾ ശുപാർശ ചെയ്യാവുന്നതാണ്. ശുപാർശകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കാണ് നല്കേണ്ടത്. എം.എൽ.എ ശുപാർശ ചെയ്യുന്ന ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശുപാർശ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയിൽ താഴെ ആണെങ്കിൽ ജില്ലാതലത്തിൽ ഭരണാനുമതി നൽകാവുന്നതാണ്. എന്നാൽ പ്രതിവർഷം 5 കോടി രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾ നിർദ്ദേശിക്കുവാനോ ഭരണാനുമതി നല്കുവാനോ പാടുള്ളതല്ല.

1.3. ഓരോ നിയോജകമണ്ഡലത്തിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മൂലധനസ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുകയെന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാർ ഉടമസ്ഥതയിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം, ജലവിതരണം, ജലസേചനം, ശുചിത്വപരിപാലനം എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം, പൊതുസമൂഹത്തിന് വളരെയേറെ പ്രയോജനം ചെയ്യുന്ന അടിസ്ഥാന സൗകര്യം

വികസിപ്പിക്കുന്നതിനായുള്ള യന്ത്രങ്ങൾ, ഉപകരണങ്ങൾ, മറ്റു അനുബന്ധ സാമഗ്രികൾ എന്നിവയുടെ വാങ്ങൽ എന്നിവയാണ്.

1.4. എം.എൽ.എ.മാർ അവരവരുടെ നിയോജകമണ്ഡലത്തിന്റെ വികസനത്തിനായാണ് ശുപാർശകൾ സമർപ്പിക്കേണ്ടത്. എന്നാൽ നോമിനേറ്റഡ് എം.എൽ.എ.യ്ക്ക് സംസ്ഥാനത്തിന്റെ ഏതു ഭാഗത്ത് വേണമെങ്കിലും പ്രവൃത്തികൾ ശുപാർശ ചെയ്യാവുന്നതാണ്. പ്രവൃത്തികൾ നടപ്പാക്കുന്നതിനായി നോമിനേറ്റഡ് എം.എൽ.എ. അദ്ദേഹത്തിന്റെ ജില്ലയിലെ കളക്ടർക്കാണ് കത്ത് നൽകേണ്ടത്. എന്നാൽ ശുപാർശ ചെയ്ത പ്രവൃത്തി മറ്റു ജില്ലയിലേക്കുള്ളതാണെങ്കിൽ ആയത് പ്രതിവർഷം അനുവദിച്ചിരിക്കുന്ന 5 കോടിയിൽ അധികരിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തിക്കൊണ്ട് പ്രസ്തുത കത്ത് ബന്ധപ്പെട്ട കളക്ടർക്ക് (മറ്റു ജില്ലയിലെ കളക്ടർക്ക്) കൈമാറേണ്ടതാണ്

1.5. പ്രവൃത്തി ശുപാർശ ചെയ്യുന്ന എംഎൽഎ പ്രസ്തുത പ്രവൃത്തി ബന്ധപ്പെട്ട സ്ഥാപനത്തിന് / പ്രദേശത്തിന് അനിവാര്യമാണെന്ന് അതത് വകുപ്പിലെ ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് തീരുമാനിക്കുകയും മറ്റ് ഫണ്ടുകൾ പ്രസ്തുത പ്രവൃത്തിയ്ക്കായി ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. അപ്രകാരം എം.എൽ.എ. നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ ആവശ്യകത വീണ്ടും പരിശോധിക്കേണ്ടതില്ല. അത്തരത്തിൽ ശുപാർശ ചെയ്ത് സമർപ്പിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിച്ചതിനു ശേഷം പ്രസ്തുത പ്രവൃത്തി മണ്ഡലത്തിൽ ആവശ്യമില്ല എന്ന് എം.എൽ.എ.യ്ക്ക് ഉത്തമ ബോധ്യം ഉള്ള പക്ഷം ആയത് റദ്ദ് ചെയ്യാവുന്നതും പകരം പുതിയ പ്രവൃത്തി ആ സാമ്പത്തികവർഷത്തിൽ തന്നെ ശുപാർശ ചെയ്യാവുന്നതുമാണ്. എന്നാൽ ഒരു സാമ്പത്തികവർഷത്തിന് ശേഷം പ്രവൃത്തികൾ റദ്ദ് ചെയ്ത് പകരം പുതിയ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ സാധിക്കുകയില്ല.

1.6. ഓരോ സാമ്പത്തികവർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് അതത് വർഷം തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. അതിനായി എം.എൽ.എ.മാർ തങ്ങളുടെ ശുപാർശകൾ ഓരോ സാമ്പത്തികവർഷത്തിലും

***ആഗസ്റ്റ് 31 ന് മുൻപായി*** ബന്ധപ്പെട്ട കളക്ടർമാരെ ഏല്പിക്കേണ്ടതാണ്.

1.7. ഓരോ സാമ്പത്തികവർഷത്തിലും തങ്ങൾക്ക് അനുവദിച്ച 5 കോടി രൂപയുടെ പ്രവൃത്തികൾ എം.എൽ.എ.മാർ അതത് വർഷം തന്നെ ശുപാർശ ചെയ്യേണ്ടതാണ്. അപ്രകാരം ശുപാർശ സമർപ്പിച്ചിട്ടില്ല എങ്കിൽ പ്രസ്തുത തുക ലാപ്സാവുന്നതാണ്.

## 2. <u>പദ്ധതിയുടെ പ്രത്യേകതകൾ</u>

2.1. ഓരോ എം.എൽ.എ.യ്ക്കും നിയോജകമണ്ഡലത്തിലെ പ്രാദേശിക ആവശ്യകതയ്ക്ക് അനുസരിച്ച് 5 കോടി രൂപയുടെ പ്രവൃത്തികൾ ശുപാർശ ചെയ്യാവുന്നതും ആയത് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർ നടപ്പാക്കേണ്ടതുമാണ്. സർക്കാർ/ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ/ അംഗീകരിക്കപ്പെട്ട അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേനയാണ് പദ്ധതികളുടെ നിർവ്വഹണം നടത്തേണ്ടത്.

2.2. മറ്റു പദ്ധതികൾ, സ്കീമുകൾ എന്നിവയുടെ പൂർത്തീകരണത്തിനായോ മറ്റു ഫണ്ടുകളുമായി ചേർത്തുകൊണ്ടോ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ വ്യവസ്ഥയില്ല. എന്നാൽ, NABARD-RIDF സ്കീമിൽ ഉൾപ്പെട്ട പ്രവൃത്തികൾ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതി, സ്കൂളുകൾക്കുള്ള ചലഞ്ച് ഫണ്ട് പദ്ധതി എന്നിവയിൽ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

2.3. എം.എൽ.എ. നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ പദ്ധതിപ്രദേശം എം.എൽ.എ.യുടെ അനുമതിയില്ലാതെ മാറ്റുവാൻ പാടില്ല.

2.4. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായ ദീർഘകാലം നിലനിൽക്കുന്ന മൂലധനസ്വാഭാവമുള്ള ആസ്തികളായിരിക്കണം. അത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിഷിപ്തമാണ്. സർക്കാരിന്റെ

മുൻകൂർ അനുമതിയില്ലാതെ അത്തരം ആസ്തികളുടെ വിൽപ്പന, കൈമാറ്റം, തീർപ്പാക്കൽ എന്നിവ അനുവദനീയമല്ല. അത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആസ്തികളുടെ സംരക്ഷണവും ചുമതലയും ഏത് സ്ഥാപനത്തിന് വേണ്ടിയാണോ സൃഷ്ടിക്കപ്പെട്ടത് അവരിൽ നിക്ഷിപ്തമായിരിക്കും. സർക്കാരിതര ഗുണഭോക്തൃ സ്ഥാപനങ്ങൾക്കാണ് ആസ്തി വികസന പദ്ധതി വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിക്കുന്നതെങ്കിൽ അത്തരം സ്ഥാപനങ്ങൾ മേൽ നിബന്ധനകൾ പാലിക്കുന്നതാണെന്ന് സർക്കാരുമായി ഒരു ഉടമ്പടി ഉണ്ടാക്കേണ്ടതാണ്.

2.5. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികൾ **അനുബന്ധം 1** ആയും അനുവദനീയമല്ലാത്ത പ്രവൃത്തികൾ **അനുബന്ധം 2** ആയും നൽകിയിട്ടുണ്ട്.

2.6. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പൂർണ്ണമായും ഓൺലൈൻ വെബ് അധിഷ്ഠിതമായാണ് കൈകാര്യം ചെയ്യുന്നത് (http://ads2.kerala.gov.in).

2.7. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ സമർപ്പിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റുകൾ ഏറ്റവും പുതിയ SoR പ്രകാരം 'പ്രൈസ് സോഫ്റ്റ് വെയർ' ൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് വരുന്ന പക്ഷം ആയത് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായാണ് പരിശോധിക്കേണ്ടത്.

2.8. ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ചു കോടി രൂപയിൽ കണക്കാക്കി കൂടുതൽ / കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല

ആസ്തിവികസന പദ്ധതി 2017-18 ന കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2018-19 ന കീഴിൽ പരിഗണിക്കാവുന്നതാണ്.

2.9. ഒരു സാമ്പത്തികവർഷത്തെ ടെണ്ടർ സേവിംഗ്സ് അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്.

2.10. ടെണ്ടർ എക്സസ് ആണ് വരുന്നതെങ്കിൽ ആയത് അടുത്ത സാമ്പത്തികവർഷത്തെ 5 കോടി രൂപയിൽ നിന്ന് കുറവ് ചെയ്യുന്നതിന് ബന്ധപ്പെട്ട എം.എൽ.എ യുടെ അനുമതി വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത എക്സസ് തുക അതത് ഗുണഭോക്തൃ വകുപ്പിന്റെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

2.11. പ്രവൃത്തികളുടെ നിർവ്വഹണം പൂർണ്ണമായും ഇ-ടെണ്ടർ വ്യവസ്ഥയിലാണ് നടപ്പിലാക്കേണ്ടത്.

2.12. ഇ-ടെണ്ടറിംഗ്, പദ്ധതികളുടെ നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും/പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയ്ക്ക് ബാധകമാണ്.

2.13. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിദ്യാഭ്യാസ മേഖലയ്ക്ക് ഊന്നൽ നൽകിയിരിക്കുന്നതിനാൽ സർക്കാർ സ്കൂളുകളിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങുന്നത്, സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിക്കുന്നത് എന്നിവയ്ക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രം) വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായി ബസ് വാങ്ങുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ ആവശ്യകതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ബസ് അനുവദിക്കുന്നതിന്റെ ഭാഗമായി യാതൊരു വിധത്തിലുള്ള തസ്തിക സൃഷ്ടിക്കലോ ആവർത്തന ചെലവുകളോ

ആസ്തി വികസന പദ്ധതിയിൽ നിന്ന് അനുവദിയ്ക്കുന്നതല്ല.

2.14. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ആരോഗ്യ മേഖലയ്ക്കും ഊന്നൽ നൽകിയിട്ടുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ അല്ലാതെയുള്ള ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് അത്തരം ഉപകരണങ്ങൾ മൂലധനസ്വഭാവമുള്ളവയാണെന്നും അവയുടെ മെയിന്റനൻസ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച കൊള്ളാമെന്നുമുള്ള ബന്ധപ്പെട്ട ആശുപത്രിയുടെ മേലാധികാരിയുടെ സത്യവാങ്മൂലവും കൃത്യമായ ഇൻവോയിസുകളും സമർപ്പിക്കേണ്ടതാണ്. ആവർത്തന ചെലവ് വരുന്നതും മൂലധനസ്വഭാവമില്ലാത്തതുമായ യാതൊരുവിധ വാങ്ങലുകളും അനുവദനീയമല്ല.

3. <u>പ്രവൃത്തികളുടെ ഭരണാനുമതിയും നിർവ്വഹണവും</u>

3.1. ഒരു പ്രവൃത്തി തിരഞ്ഞെടുക്കുന്നതിനും ആയതിന് ഭരണാനുമതി നൽകുന്നതിനും എം.എൽ.എ.യുടെ അനുമതി ജില്ലാ കളക്ടർ നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ എം.എൽ.എ. ശുപാർശ ലഭ്യമാക്കിയതിന് ശേഷം സാങ്കേതിക കാരണങ്ങളാൽ (ഉദാ: സ്ഥല ലഭ്യത ഇല്ലായ്മ, ശുപാർശ ചെയ്ത പ്രവൃത്തി പ്രസ്തുത സ്ഥലത്തിന് അനുയോജ്യമല്ലാതെ വരുന്ന സാഹചര്യങ്ങൾ) നടപ്പിലാക്കാൻ കഴിയാതെ വരുകയാണെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ എം.എൽ.എ.യ്ക്ക് കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ഒരു റിപ്പോർട്ട് നൽകേണ്ടതാണ്.

3.2. എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തി നിർദ്ദേശങ്ങൾക്കുമേൽ ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും (ഉദാ: പിഡബ്ല്യൂഡി, തദ്ദേശ സ്വയം ഭരണ വകുപ്പ്, വാട്ടർഅതോറിറ്റി തുടങ്ങിയവ) വിശദമായ എസ്റ്റിമേറ്റ് ഏറ്റവും പുതിയ SoR പ്രകാരം 'പ്രൈസ് സോഫ്റ്റ് വെയറിൽ' തയ്യാറാക്കി വാങ്ങേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതും ആണ്. ഒരു സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപയ്ക്കുമുള്ള ഭരണാനുമതി പ്രസ്തുത സാമ്പത്തിക വർഷത്തിൽ തന്നെ പുറപ്പെടുവിക്കേണ്ടതാണ്.

3.3. ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് എം.എൽ.എ. ശുപാർശ ചെയ്തിരിക്കുന്ന പ്രവൃത്തികളുടെ പ്രായോഗികത ബന്ധപ്പെട്ട വകുപ്പുകളിലെ സാങ്കേതികവിദഗ്ദ്ധർ ഉറപ്പു വരുത്തേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3.4. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ശുപാർശകൾക്ക് പൊതുമരാമത്ത്(ഇലക്ട്രിക്കൽ) വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ പുതുക്കിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം അനുമതി നൽകേണ്ടത്.

3.5. എം.എൽ.എ.മാർ സമർപ്പിച്ച ശുപാർശകളിന്മേലുള്ള ഭരണാനുമതി, സാങ്കേതികാനുമതി, നിർവ്വഹണം സംബന്ധിച്ച സമയപരിധി എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3** ആയി നൽകുന്നു.

3.6. പ്രതിമാസ പ്രവൃത്തി പുരോഗമന റിപ്പോർട്ട് തൊട്ടടുത്ത മാസം 10 -ാം തീയതിയ്ക്ക് മുമ്പായി **അനുബന്ധം 4** ൽ നൽകിയിരിക്കുന്ന മാതൃക പ്രകാരം ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. പ്രവൃത്തികളും അവയുടെ പുരോഗതിയും സംബന്ധിച്ച് ഒരു ത്രൈമാസ റിപ്പോർട്ടും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ എം.എൽ.എ.മാർക്ക് നൽകേണ്ടതാണ്.

3.7. എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് മുമ്പ് സ്ഥലലഭ്യത, ഏറ്റവും പുതിയ SoR പ്രകാരമുള്ള എസ്റ്റിമേറ്റ്, പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം എന്നിവ ഉണ്ടായിരിക്കേണ്ടാതാണെന്ന് ജില്ലാ കളക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

3.8. എം.എൽ.എ. ശുപാർശ ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് മുൻപ് പദ്ധതിയുടെ ഗുണഭോക്താവായ സ്ഥാപനത്തിന്റെ ആവശ്യങ്ങൾ/ അഭിപ്രായങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

3.9. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നോഡൽ ഓഫീസർമാർ അതത് ജില്ലാ കളക്ടർമാർ ആയതിനാൽ ഗുണഭോക്തൃ വകുപ്പുകൾ തമ്മിലുള്ള ശരിയായ ഏകോപനം ജില്ലാ കളക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്.

3.10. എം.എൽ.എ. ശുപാർശ ചെയ്യുന്ന പ്രവൃത്തികളും അവയുടെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ, നിർവ്വഹണം, പുരോഗതി, ഫണ്ടനുവദിക്കൽ, ഏതു വകുപ്പിലേക്കാണ് പ്രസ്തുത പ്രവൃത്തി അനുവദിച്ചത് എന്നത് സംബന്ധിച്ച് ഓരോ എം.എൽ.എ.യ്ക്കും പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്തൃ സ്ഥാപനങ്ങൾ/ വകുപ്പുകളും എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് സൃഷ്ടിക്കപ്പെട്ട പ്രവൃത്തികളുടെ ലിസ്റ്റ്, എസ്റ്റിമേറ്റ് തുക, പ്രവൃത്തി പൂർത്തീകരിച്ച തീയതി എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

3.11. ഒരു നിയോജകമണ്ഡലം രണ്ട് ജില്ലകളിലായിട്ടാണെങ്കിൽ നിയോജകമണ്ഡലത്തിന്റെ വിസ്തീർണ്ണത്തിന്റെ ഭൂരിഭാഗം സ്ഥിതി ചെയ്യുന്ന ജില്ലയുടെ കളക്ടറാണ് പ്രവൃത്തികളിൽ തീരുമാനം കൈക്കൊള്ളേണ്ടത്.

3.12. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികൾ വിവിധ സംസ്ഥാന ഏജൻസികളായ പൊതുമരാമത്ത്, ഗ്രാമവികസനം, ജലവിഭവം, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, പ്രാദേശിക വികസന അതോറിറ്റികൾ, ജല അതോറിറ്റി, സർക്കാർ അംഗീകരിച്ചിട്ടുള്ള വിവിധ അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേനയാണ് നടത്തേണ്ടത്. ഓരോ ജില്ലയിലെയും കളക്ടർമാരാണ് ഇവയുടെ ഏകോപനവും മേൽനോട്ടവും വഹിക്കേണ്ടത്. നിർവ്വഹണ ഏജൻസികൾക്ക് ഭരണചെലവുകൾ, സെന്റേജ് ചാർജ്ജ് (അക്രഡിറ്റഡ് ഏജൻസികൾ ഒഴികെ) എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇക്കാര്യത്തിൽ സർക്കാർ കാലകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും നിർവ്വഹണ ഏജൻസികൾക്ക് ബാധകമാണ്.

3.13. ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പാണ് സംസ്ഥാന തലത്തിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച പൊതു ഉത്തരവുകൾ/ നിർദ്ദേശങ്ങൾ,

സ്പഷ്ടീകരണങ്ങൾ എന്നിവ പുറപ്പെടുവിക്കുന്നതും ആവശ്യമായ തുക അനുവദിക്കുന്നതും ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ നിന്നാണ്. അത്തരത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ എല്ലാ എം.എൽ.എ. മാർക്കും ലഭ്യമാക്കുന്നതാണ്.

3.14. പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ സാധാരണ ഗതിയിലുള്ള എല്ലാ ധനകാര്യ പരിശോധനകൾക്കും നടപടിക്രമങ്ങൾക്കും വിധേയമാകുന്നതാണ്.

3.15. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുക അതത് നിയോജകമണ്ഡലങ്ങൾക്കുള്ളതാണ്. ഏതെങ്കിലും കാരണവശാൽ എം.എൽ.എ യ്ക്ക് മാറ്റം ഉണ്ടായാലും ആ മണ്ഡലത്തിലേക്ക് വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് മാറ്റം വരുന്നതല്ല. അത്തരം സന്ദർഭങ്ങളിൽ മുൻ എം.എൽ.എ.യുടെയും പുതിയ എം.എൽ.എ.യുടെയും ഏകോപനാധികാരിയായി അതത് ജില്ലാ കളക്ടർമാർ പ്രവർത്തിക്കേണ്ടതാണ്.

3.16. ഏതെങ്കിലും കാരണങ്ങളാൽ എം.എൽ.എ.യ്ക്ക് മാറ്റം ഉണ്ടാകുന്ന പക്ഷം താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടതാണ്.

i. മുൻ എം.എൽ.എ. ശുപാർശ ചെയ്ത പ്രവൃത്തി നിർവ്വഹണാവസ്ഥയിലാണെങ്കിൽ ആയത് പൂർത്തീകരിക്കേണ്ടതാണ്.

ii. മുൻ എം.എൽ.എ. ശുപാർശ ചെയ്ത പ്രവൃത്തി, ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പോലും മാതൃകാ പെരുമാറ്റച്ചട്ടം കാരണമോ മറ്റേതെങ്കിലും കാരണങ്ങളാലോ നിർവ്വഹണം ആരംഭിച്ചിട്ടില്ലായെങ്കിൽ പുതിയഎം.എൽ.എ.യുടെസമ്മതത്തോടു കൂടി മാത്രമേ നടപ്പിലാക്കാവൂ. പുതുതായി തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ.യ്ക്ക് പ്രസ്തുത പ്രവൃത്തിയിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതിനോ പകരം മറ്റൊരു പ്രവൃത്തി ശുപാർശ ചെയ്യുന്നതിനോ അവസരം ഉണ്ടായിരിക്കുന്നതാണ്.

3.17. നിയോജകമണ്ഡലങ്ങൾ പുനർനിർണയിക്കുന്ന സന്ദർഭങ്ങളിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ വിനിയോഗിക്കാതെ കിടക്കുന്ന തുക താഴെപ്പറയുന്ന രീതിയിൽ ഉപയോഗിക്കേണ്ടതാണ്.

i. പുനർനിർണ്ണയത്തിന് ശേഷം രൂപീകരിക്കുന്ന പുതിയ മണ്ഡലം പഴയ മണ്ഡലത്തിന്റെ ഭൂപ്രകൃതിയുടെ 75 ശതമാനമോ അതിൽ കൂടുതലോ ഉൾപ്പെടുന്നതാണെങ്കിൽ അവശേഷിക്കുന്ന മുഴുവൻ തുകയും പുതിയ മണ്ഡലത്തിനായി വിനിയോഗിക്കാവുന്നതാണ്.

ii. പുനർനിർണ്ണയത്തിന് ശേഷം രൂപീകരിക്കുന്ന പുതിയ മണ്ഡലം പഴയ മണ്ഡലത്തിന്റെ ഭൂപ്രകൃതിയുടെ 75 ശതമാനത്തിന് താഴെയാണെങ്കിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന തുക പഴയ മണ്ഡലത്തിന്റെയും പുതിയ മണ്ഡലത്തിന്റെയും ഭൂപ്രകൃതിയ്ക്ക് ആനുപാതികമായി വിഭജിച്ച് നൽകേണ്ടതാണ്.

3.18. അനുബന്ധം 1 ൽ നൽകിയിരിക്കുന്ന പ്രവൃത്തികളല്ലാതെയുള്ളവ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ അനുവദനീയമല്ല. എന്നാൽ അത്തരം പ്രവൃത്തികൾ മണ്ഡലത്തിൽ അനിവാര്യമാണെന്ന് എം.എൽ.എ.യ്ക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം ആയത് ബഹു. ധനകാര്യ മന്ത്രിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണ്.

3.19. അനുബന്ധം 1 ൽ നൽകിയിട്ടുള്ള പ്രവൃത്തികൾക്കുപരിയായി എം.എൽ.എ.മാർ പ്രവൃത്തികൾ ശുപാർശ ചെയ്യുന്ന പക്ഷം ആയവയ്ക്ക് പ്രത്യേകാനുമതി ലഭിക്കുന്നതിനായി യാതൊരു കാരണവശാലും ജില്ലാ കളക്ടർമാർ സർക്കാരിനെ സമീപിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഇക്കാര്യത്തിൽ സ്പഷ്ടീകരണം തേടാവുന്നതാണ്.

3.20. ചെക്ക് ലിസ്റ്റ് :- ഭരണാനുമതിക്കായി എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾ **അനുബന്ധം 5** ലെ ചെക്ക് ലിസ്റ്റ് പ്രകാരമാണോയെന്നുള്ളത് ഭരണാനുമതി പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥൻ നിർബന്ധമായും പരിശോധിച്ചിരിക്കേണ്ടതാണ്.

## 4. തുക അനുവദിക്കൽ

**4.1.** ഓരോ എം.എൽ.എ.യ്ക്കും 5 കോടി രൂപ വീതം പ്രതിവർഷം 705 കോടി രൂപ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**4.2.** ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് ഓരോ എം.എൽ.എ.യ്ക്കും പ്രതിവർഷം 5 കോടി രൂപയിൽ നിജപ്പെടുത്തിക്കൊണ്ട് ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണ്.

**4.3.** ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പുരോഗതി നേരിട്ട് വിലയിരുത്തി സമർപ്പിക്കുന്ന ബില്ലുകൾക്ക് അനുവദനീയമായ തുക മാത്രം കാലാകാലങ്ങളിൽ സർക്കാരിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി അനുവദിക്കുന്നതാണ്.

**4.4.** നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ അനുവദിച്ച തുക ഏതെങ്കിലും കാരണങ്ങളാൽ ഒരു എം.എൽ.എ.യ്ക്ക് ഉപയോഗിക്കുവാൻ താൽപ്പര്യം ഇല്ലാത്ത പക്ഷം ആയത് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിനെ അറിയിക്കേണ്ടതും ആയത് പിൻവലിക്കുന്നതുമാണ്.

**4.5.** സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികൾക്ക് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ അനുസരിച്ചാണ് തുക അനുവദിച്ച് നൽകേണ്ടത്.

**4.6.** ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുമതി നൽകിയതും, പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്നതുമായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നത് Special LoC സംവിധാനം വഴി ആയിരിക്കും.

## 5. നിരീക്ഷണ ക്രമീകരണങ്ങൾ

5.1. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നോഡൽ വകുപ്പ് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പാണ്. ഒരു വർഷം അനുവദിക്കുന്ന ആകെ

പ്രവൃത്തികളിൽ 10 ശതമാനത്തിന്റെ എങ്കിലും പുരോഗതി ജില്ലാ കളക്ടർമാർ നേരിട്ട് വിലയിരുത്തേണ്ടതാണ്. മുഴുവൻ പ്രവൃത്തികളുടെയും പുരോഗതി വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ആവശ്യമായ 'ഡെലിഗേഷൻ' ജില്ലാ കളക്ടർമാർ തങ്ങളുടെ കീഴുദ്യോഗസ്ഥൻമാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്. മാസത്തിൽ 2 തവണ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശനം നടത്തേണ്ടതും റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതുമാണ്.

5.2. ധനകാര്യ ജില്ലാ പരിശോധനാ വിഭാഗങ്ങൾ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിനിയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും മറ്റു പ്രവൃത്തികളും എല്ലാ മാസവും പരിശോധന നടത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിൽ സമർപ്പിക്കേണ്ടതുമാണ്.

5.3. എം.എൽ.എ.മാർക്ക് അനുവദിച്ച പ്രവൃത്തികളും അവയുടെ പുരോഗതിയും സംബന്ധിച്ച പൂർണ്ണമായ ഒരു റിപ്പോർട്ട് ജില്ലാ കളക്ടർമാർ സാമ്പത്തിക വർഷാവസാനം ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് നൽകേണ്ടതാണ്.

5.4. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുവദിച്ച പ്രവൃത്തികളെയും അവയുടെ പുരോഗതിയെയും സംബന്ധിച്ച അവലോകനം ഒരു വർഷം രണ്ട് തവണ എങ്കിലും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും നടത്തേണ്ടതാണ്.

5.5. പൂർണ്ണമായും ഓൺലൈൻ വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ നടപ്പിലാക്കുന്ന നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ പരിശീലനം ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതാണ്.

## 6. പൊതുവായ നിർദ്ദേശങ്ങൾ

6.1. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുമതി നൽകിയ പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞാൽ ഉടൻ തന്നെ ആയത് പൊതുജനങ്ങളുടെ ഉപയോഗത്തിനായി വിട്ടു നൽകേണ്ടതാണ്.

6.2. പദ്ധതി നിർവ്വഹണത്തിനിടയിൽ ഏതെങ്കിലും കാരണങ്ങളാൽ ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത വിശദീകരണങ്ങളോ സ്പഷ്ടീകരണങ്ങളോ ആവശ്യമാണെന്ന് തോന്നുന്ന പക്ഷം എം.എൽ.എ.മാർക്ക്/ ജില്ലാ കളക്ടർമാർക്ക് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിനെ സമീപിക്കാവുന്നതാണ്.

## അനുവദനീയമായ പ്രവൃത്തികൾ, പ്രവൃത്തികളുടെ എണ്ണം, അനുവദനീയമായ തുക

ഒരു സാമ്പത്തികവർഷം നിയോജകമണ്ഡല ആസ്തി വികസന ഫണ്ടായി ഒരു എം.എൽ.എ യ്ക്ക് അനുവദിക്കുന്ന 5 കോടി രൂപയിൽ 10 ലക്ഷം രൂപയോ അതിനു മുകളിലോ അടങ്കൽ തുകയുള്ള പരമാവധി 20 പ്രവൃത്തികൾ അനുവദനീയമാണ്. പ്രസ്തുത ഫണ്ടുപയോഗിച്ച് നടപ്പിലാക്കാവുന്ന പ്രവൃത്തികളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

i) സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിൽ കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, ഓവുചാലുകൾ, കലുങ്കുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണം.

ii) സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ കെട്ടിടങ്ങൾ, പാർക്കുകൾ, മൈതാനങ്ങൾ, കളി സ്ഥലം എന്നിവയുടെ നിർമ്മാണം.

iii) കുടിവെള്ള പദ്ധതികൾ, ചെറുകിട ജലസേചന പദ്ധതികൾ തുടങ്ങിയവ.

iv) പൊതുജനോപകാരപ്രദമായ സേവനങ്ങൾ ചെയ്യുന്ന കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി. എന്നിവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ, വൈദ്യുതീകരണം നടത്തുന്നത്, ബസ് സ്റ്റാന്റ്, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം. എന്നാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുവാൻ പാടില്ല.

v) സർക്കാർ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം.

vi) സർക്കാർ വിദ്യാലയങ്ങളിൽ/ കോളേജുകളിൽ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബസ് വാങ്ങൽ.

vii) റോഡുകളുടെ സംരക്ഷണ ഭിത്തി നിർമ്മാണം.

viii) സർക്കാർ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ, തോടുകൾ എന്നിവയ്ക്ക് സംരക്ഷണ ഭിത്തി കെട്ടി നവീകരിക്കുന്നത്.

ix) അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഹൈമാസ്റ്റ്/ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ.

x) ആശുപത്രികൾ, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, അംഗൻവാടികൾ എന്നിവയ്ക്കുള്ള കെട്ടിട നിർമ്മാണം, മൂലധനസ്വഭാവമുള്ള ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നത്.

xi) എയ്ഡഡ് സ്കൂളിന് ഒന്നിന് ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയ്ക്കുള്ള ടോയ് ലെറ്റുകൾ/ പാചകപ്പുര എന്നിവ നിർമ്മിയ്ക്കുന്നതിന്.

xii) ക്ഷീര സഹകരണ സംഘങ്ങൾക്ക് 10 ലക്ഷം രൂപ അടങ്കൽ തുകയുള്ള കെട്ടിട നിർമ്മാണം.

## അനുവദനീയമല്ലാത്ത പ്രവൃത്തികൾ

1. സർക്കാർ /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ളവയല്ലാത്ത കെട്ടിടങ്ങളുടെ, കളിസ്ഥലങ്ങളുടെ നിർമ്മാണം.
2. സർക്കാർ /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ളവയല്ലാത്ത ലൈബ്രറികളുടെ കെട്ടിടനിർമ്മാണം.
3. എയ്ഡഡ് സ്കൂളുകളിലെ ടോയ് ലെറ്റ്, പാചകപ്പുര എന്നിവയല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ, ബസ്സ് വാങ്ങൽ, ചലഞ്ച് ഫണ്ടിലൂടെയല്ലാതെയുള്ള സ്മാർട്ട് ക്ലാസ്സ് റൂം തയ്യാറാക്കൽ എന്നിവ.
4. കെ.എസ്.ആർ.ടി.സി, കെ.എസ്.ഇ.ബി. എന്നിവയല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ശുപാർശ ചെയ്യുന്ന പ്രവൃത്തികൾ
5. ഫർണിച്ചർ, ഇലക്ട്രിക് ഉപകരണങ്ങൾ, ഏതെങ്കിലും തരത്തിലുള്ള സ്റ്റോക്ക്, ഇൻവെന്ററി വാങ്ങൽ തുടങ്ങിയവ.

അനുബന്ധം -3

## ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി

1. എം.എൽ.എ.മാർ സമർപ്പിക്കുന്ന ശുപാർശകളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ തന്നെ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതും ആവശ്യമായ പദ്ധതിരേഖകൾ (DPR) തയ്യാറാക്കുന്നതിനായി ആയത് അധികാരപ്പെട്ട ഉദ്യോഗസ്ഥന് അയയ്ക്കേണ്ടതുമാണ്.
2. പ്രവൃത്തികൾക്കായുള്ള പദ്ധതി രേഖകൾ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ അവരവരുടെ ഡെലിഗേഷൻ അനുസരിച്ച് തയ്യാറാക്കേണ്ടതാണ്. ഭരണാനുമതി നൽകുന്നതിനായി ആയവ എസ്റ്റിമേറ്റ് റിപ്പോർട്ട്, ചെക്ക് ലിസ്റ്റ് എന്നിവ സഹിതം ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്. ശുപാർശ ചെയ്ത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, അവ കെട്ടിടം, പാലം എന്നിവയുടെ നിർമ്മാണമാണെങ്കിൽ രണ്ട് മാസത്തിനകവും മറ്റ് പ്രവൃത്തികളാണെങ്കിൽ ഒരു മാസത്തിനകവും തയ്യാറാക്കേണ്ടതാണ്.
3. മാനദണ്ഡങ്ങൾക്ക് വിധേയമായി, എല്ലാ അനുബന്ധരേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശുപാർശകൾക്ക് ഒരാഴ്ചക്കകം ഭരണാനുമതി നൽകേണ്ടതും ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.മാർക്ക് നൽകേണ്ടതുമാണ്.
4. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രവൃത്തികളുടെ സിവിൽ, ഇലക്ട്രിക്കൽ ഘടകങ്ങൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ഒരുമിച്ച് നൽകേണ്ടതാണ്. ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ബഹു. എം.എൽ.എ.മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.
5. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് നൽകേണ്ടതാണ്.

6. ഭരണാനുമതി പുറപ്പെടുവിക്കുന്ന പ്രവൃത്തികളുടെ നടപടി ക്രമങ്ങൾ ഭരണാനുമതി പുറപ്പെടുവിച്ച തീയതി മുതൽ 2 വർഷത്തിനകം ആരംഭിച്ചിട്ടില്ലെങ്കിൽ ആയവയ്ക്കായി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. പ്രത്യേകാനുമതിയിലൂടെയായിരിക്കും ഇത്തരത്തിലുള്ള പുതുക്കിയ ഭരണാനുമതി നൽകുക.

7. സമയബന്ധിതമായി പ്രവൃത്തികൾക്കുള്ള ശുപാർശകൾ സമർപ്പിക്കാത്ത എം.എൽ.എ മാർക്ക് പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കത്ത് അയയ്ക്കേണ്ടതാണ്.

## പ്രതിമാസ/ ത്രൈമാസ പുരോഗതി റിപ്പോർട്ടിന്റെ മാതൃക

**നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ പ്രതിമാസ/ത്രൈമാസ പുരോഗതി റിപ്പോർട്ട്**

**........................... (മാസത്തിന്റെ പേര്, വർഷം)**

**(രൂപ ലക്ഷത്തിൽ)**

| ക്രമ നം. | നിയോജക മണ്ഡലത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | എം.എൽ.എ ശുപാർശ ചെയ്ത തുക | ഭരണാനുമതി നമ്പരും തീയതിയും | ഭരണാനുമതി തുക | പ്രോഗ്രസ്സീവ് ടോട്ടൽ |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

അനുബന്ധം 5

## ചെക്ക് ലിസ്റ്റിന്റെ മാതൃകാരൂപം

1. എം.എൽ.എ.യുടെ പേര് :
2. പ്രവൃത്തിയുടെ പേര് :
3. എസ്റ്റിമേറ്റ് തുക :
4. നിർവ്വഹണ ഏജൻസിയുടെ പേര് :
5. എസ്റ്റിമേറ്റ് തയ്യാറാക്കിയത് (ഏജൻസിയുടെ പേര്/ വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) :
6. എം.എൽ.എ. നിർദ്ദേശിച്ച തുക :
7. എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏറ്റവും പുതിയ SoR പ്രകാരമാണോ? വ്യക്തമാക്കുക :
8. തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചിരിക്കുന്നത് അധികാരപ്പെട്ട ഉദ്യോഗസ്ഥനാണോ :
9. തടസ്സമില്ലാത്ത ഭൂമി ലഭ്യമാണോ
10. തയ്യാറാക്കിയ എസ്റ്റിമേറ്റ് സംസ്ഥാന ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണോ :
11. വനം വകുപ്പ്/ ഇന്ത്യാ ഗവൺമെന്റ്/ റെയിൽവെ/ മറ്റേതെങ്കിലും വകുപ്പുകൾ/അധികാരികൾ എന്നിവരിൽ നിന്നും ക്ലിയറൻസ് ആവശ്യമായിട്ടുണ്ടോ. ഉണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുക. :
12. നിർദേശം പുതിയതോ അതോ നിലവിലുള്ളത് ശക്തിപ്പെടുത്തുന്നതിനോ ആണോ :
13. പ്രവൃത്തിയുടെ സ്വഭാവം (അറ്റകുറ്റപ്പണി / നിർമ്മാണം/ പുനരുദ്ധാരണം / സ്ഥാപിക്കൽ / വാങ്ങൽ / സഹായധനം / മറ്റേതെങ്കിലും ഇനം) :
14. പ്രവൃത്തി മൂലധനസ്വഭാവമുള്ളതാണോ. :
15. ആവർത്തന ചെലവ് ഉൾപ്പെട്ടതാണോ
16. ശുപാർശ ഏതെങ്കിലും പ്രധാനപ്പെട്ട പ്രോജക്ടുകളുടെ ഭാഗമായിട്ടുള്ളതാണോ :
17. നിക്ഷേപ പ്രവൃത്തിയാണോ :
18. ഏതെങ്കിലും തസ്തിക സൃഷ്ടിക്കൽ ഉൾപ്പെട്ടിട്ടുണ്ടോ :
19. നിർമ്മാണ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന ഭൂമി ഏതെങ്കിലും സൊസൈറ്റി/ ട്രസ്റ്റ്/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ കേരള സർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങൾ/ ഇന്ത്യാ ഗവൺമെന്റ് അധീനതയിലുള്ളതാണോ :

**20.** എസ്റ്റിമേറ്റിൽ താഴെപ്പറയുന്നവയിലേതെങ്കിലും ഉൾപ്പട്ടിട്ടുണ്ടോ. :

a. അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജസ്

b. സെന്റേജ് ചാർജ്ജസ്

c. ഓവർഹെഡ് ചാർജ്ജസ്

d. സൂപ്പർവിഷൻ ചാർജ്ജസ്

**21.** പദ്ധതി നിർദ്ദേശത്തിൽ ഏതെങ്കിലും വാണിജ്യപരമായ പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ. :

**22.** ഏതെങ്കിലും ഫണ്ടിനോട് ചേർത്ത് ഉപയോഗിക്കുന്നതാണോ. ആണെങ്കിൽ വിശദ വിവരങ്ങൾ. :

"ഭരണഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ്- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾ- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.40/2022/ധന.** **തിരുവനന്തപുരം, തീയതി 31.03.2022**

---

**പരാമർശം :** 1. സ.ഉ.(അച്ചടി) നം.119/2018/ധന തീയതി 04/08/2018.

**ഉത്തരവ്**

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തികവർഷം മുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾ പരാമർശ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.8 ൽ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഓരോ സാമ്പത്തികവർഷത്തേയും ടെണ്ടർ സേവിംഗ്സ് അതാത് വർഷം തിട്ടപ്പെടുത്തുക എന്നത് തികച്ചും പ്രായോഗികമല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ പരാമർശ ഉത്തരവിലെ ഖണ്ഡിക 2.8 ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. 8 (a) ഓരോ സാമ്പത്തികവർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടാകുന്ന ടെൻഡർ സേവിംഗ്സ് ഏതു സാമ്പത്തികവർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തികവർഷത്തിലോ അതിനടുത്ത സാമ്പത്തികവർഷത്തിലോ ഉണ്ടാകുന്ന ടെൻഡർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്.ഉഷ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. മന്ത്രിമാരുടെയും ബഹു. പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ എം.എൽ.എ. മാർക്കും
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
എല്ലാ ട്രഷറി ഓഫീസർമാർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (File.No.2010276/NC.B3/25/2022/FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ — മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - 2018-19 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾ - ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.145/2022/ധന.** **തിരുവനന്തപുരം, തീയതി 17/12/2022.**

---

**പരാമർശം :** 1. സ.ഉ.(അച്ചടി) നം.119/2018/ധന തീയതി 04/08/2018.
2. സ.ഉ.(അച്ചടി) നം.40/2022/ധന തീയതി 31/03/2022.

**ഉത്തരവ്**

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തികവർഷം മുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.8 ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പരാമർശം (2) ഉത്തരവ് പ്രകാരം ഖണ്ഡിക 2.8(a) ആയി ഭേദഗതി വരുത്തിയിരുന്നു. ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് എന്ന് ഉദ്ദേശിക്കുന്നത് ഭരണാനുമതി തുകയിൽ നിന്നും ബിൽ തുക കുറവ് ചെയ്യുന്ന തുകയാണോ അല്ലെങ്കിൽ ടെണ്ടർ തുകയിൽ നിന്നും കരാറുകാരൻ ക്വാട്ട് ചെയ്തിട്ടുള്ള തുക കുറയ്ക്കുന്നതാണോ എന്നതിനെ സംബന്ധിച്ച് നിരവധി സംശയങ്ങൾ ബഹു.എം.എൽ.എ. മാരിൽ നിന്നും ഉയർന്നു വന്നിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗീകരിച്ച ടെണ്ടർ പ്രകാരമുള്ള തുക, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയെക്കാളും കുറവാകുന്ന അവസരങ്ങളിൽ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയും (Estimated PAC) അംഗീകരിച്ച കരാർ തുകയും (Agreed PAC) തമ്മിലുള്ള വ്യത്യാസമാണ് ടെണ്ടർ സേവിംഗ്സ് ആയി പരിഗണിച്ചു വരുന്നത്. അംഗീകരിച്ച ടെണ്ടർ പ്രകാരമുള്ള തുക, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയെക്കാളും കൂടുതലാകുന്ന അവസരങ്ങളിൽ, അംഗീകരിച്ച കരാർ പ്രകാരമുള്ള തുകയും (Agreed PAC) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയും (Estimated PAC) തമ്മിലുള്ള വ്യത്യാസമാണ് ടെണ്ടർ എക്സസ് ആയി പരിഗണിച്ചു വരുന്നത്. കൂടാതെ ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക (Estimated PAC) നിശ്ചയിക്കുന്നത് സാങ്കേതികാനുമതി തുകയെ (Technical Sanction Amount) അടിസ്ഥാനമാക്കിയാണ്, ഭരണാനുമതി തുകയെ (Administrative Sanction Amount) അടിസ്ഥാനമാക്കിയല്ല. പരാമർശ ഉത്തരവുകളിലെ ഖണ്ഡിക 2.8, 2.8 (a) എന്നിവയിലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകളും ഖണ്ഡിക 2.9- ലെ വ്യവസ്ഥയും ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"പ്രായോഗികമായി, ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ (FINAL BILL) തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ

ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല."

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ജയൻ.പി.വി**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II)കേരള, തിരുവനന്തപുരം.
ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. മന്ത്രിമാരുടെയും ബഹു. പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ എം.എൽ.എ. മാർക്കും
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
എല്ലാ ട്രഷറി ഓഫീസർമാർക്കും
നോഡൽ ഓഫീസർ, ctfmweb@gmail.com
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (File.No.2156015/NC.B3/111/2022/FIN)

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ